# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


**GSTIN No: 32AAACT7596H2Z2**

PCK/SAL/4876 19.12.2024

## വെട്ടുകല്ല് (Laterite Stone) ഖനനം ചെയ്യുന്നതിന് - ഇ-ദർഘാസ്/മുദ്ര വച്ച ദർഘാസ്സ് നോട്ടീസ്

പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിൽ വെട്ട്കല്ല് ഖനനം നടത്തുവാനായി കണ്ടെത്തിയിട്ടുള്ള കാസർഗോഡ് എസ്റ്റേറ്റ് ആദൂർ ഡിവിഷനിലെ നെഞ്ചംപറമ്പ് ബ്ലോക്കിലെ സർവ്വേ നമ്പർ 118 പ്രകാരമുള്ള 34.5965 ഹെക്ടറിലെ 1 ഏക്കർ സ്ഥലത്തും, ചീമേനി എസ്റ്റേറ്റ് ചീമേനി ഡിവിഷനിലെ സർവ്വേ നമ്പർ 260/3207 (OS No.2601A1C) പ്രകാരമുള്ള 125.56 ഹെക്ടറിലെ 1 ഏക്കർ സ്ഥലത്തും വെട്ടുകല്ല് (Laterite Stone) മാത്രം ഖനനം നടത്തി കൊണ്ടുപോകുന്നതിനും ശേഷം ഖനനം നടത്തുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങളായ പൊടി, മണ്ണ്, മറ്റ് അവശിഷ്ടങ്ങൾ എന്നിവ അവിടെ തന്നെ നിരത്തുകയും ചെയ്യുന്നതിനുമുള്ള അവകാശം കരാർ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതിനുള്ള ടെൻഡറുകൾ കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും മുദ്ര വച്ച ടെണ്ടർ വഴിയും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

### വ്യവസ്ഥകൾ

1. ഇ-ദർഘാസ്/മുദ്ര വച്ച ദർഘാസ്സ്-ൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ, അതിനു മുൻപായി കല്ല് വെട്ടിയെടുക്കേണ്ട സ്ഥലം, സ്ഥലത്തേക്കുള്ള വഴി മറ്റു സൗകര്യങ്ങൾ എന്നിവ നേരിൽകണ്ട് സ്ഥലത്തിന്റെ ഘടന, കല്ലിന്റെ ഗുണമേന്മ, ലഭ്യത, ഗതാഗതസൗകര്യം മുതലായവ പരിശോധിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്.
2. കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ വെട്ടുകല്ല്(Laterite Stone) വെട്ടിയെടുക്കേണ്ടതായ പ്രദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | എസ്റ്റേറ്റ് | ഡിവിഷൻ | സർവ്വേ നമ്പർ | കല്ല് വെട്ടേണ്ടതായ പ്രദേശം |
|---|---|---|---|---|
| 1 | കാസറഗോഡ് | ആദൂർ | 118 | 24 സെന്റ് വീതമുള്ള 4 പ്ലോട്ട്കൾ |
| 2 | ചീമേനി | ചീമേനി | 260/3207 | 24 സെന്റ് വീതമുള്ള 4 പ്ലോട്ട്കൾ |

3. കാസർഗോഡ് എസ്റ്റേറ്റിലെ 24 സെന്റ് വീതമുള്ള 4 പ്ലോട്ടുകളിലും, ചീമേനി എസ്റ്റേറ്റിലെ 24 സെന്റ് വീതമുള്ള 4 പ്ലോട്ടുകളിലും, ഓരോ പ്ലോട്ടിൽ നിന്നും 19.68 അടി (6 മീറ്റർ) താഴ്ചയിൽ വെട്ട് കല്ല് വെട്ടിയെടുക്കാവുന്നതും കല്ല് മാത്രം കരാറുകാരന് കൊണ്ടുപോകാവുന്നതും, ഖനനം ചെയ്യുമ്പോഴുണ്ടാകുന്ന അവശിഷ്ടങ്ങളായ മണ്ണ്, പൊടിഞ്ഞുപോകുന്ന ചെങ്കല്ലുകൾ എന്നിവ കുഴികളിൽ തന്നെ നിക്ഷേപിക്കേണ്ടതുമാണ്.
4. ദർഘാസിൽ പങ്കെടുക്കുന്നവർ 19.68 അടി (6 മീറ്റർ) താഴ്ചയിൽ 24 സെന്റ് സ്ഥലത്ത് നിന്ന് വെട്ട് കല്ല് ഖനനം ചെയ്ത് കൊണ്ടുപോകുന്നതിന് കോർപ്പറേഷന് നല്കാവുന്ന ഏറ്റവും ഉയർന്ന തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
5. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിച്ച് വിശദാംശങ്ങൾ ബോദ്ധ്യപ്പെടേണ്ടതാകുന്നു. ഇ-ടെൻഡർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും, 24 സെന്റ് വീതമുള്ള ഓരോ പ്ലോട്ടുകൾക്കും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായി 50,000/- രൂപ വീതമുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത് അതിന്റെ സ്കാൻഡ് കോപ്പിയും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫോം വില-Rs.118/- രൂപയും അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റ്, മറ്റ് രേഖകൾ എന്നിവ ടെൻഡർ തുറക്കുന്ന സമയത്തിന് മുൻപായി പി സി കെ ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
6. ഇ-ടെണ്ടർ അല്ലാതെ മുദ്ര വച്ച ദർഘാസിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118/- രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, കാസറഗോഡ് / ചീമേനി എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നോ ടെണ്ടർ ദിവസം ടെണ്ടർ സമർപ്പിക്കുന്ന അവസാന സമയത്തിന് അര മണിക്കൂർ മുൻപ് വരെ വാങ്ങാവുന്നതാണ്. ഇ-ടെണ്ടർ/ മുദ്ര വച്ച ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ 24 സെന്റ് വീതമുള്ള ഓരോ പ്ലോട്ടുകൾക്കും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായി 50,000/- രൂപ വീതമുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
7. ദർഘാസ്സ് നമ്പർ, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തിയ മുദ്രവച്ച കവറിൽ സീൽഡ് ടെണ്ടർ സമർപ്പിക്കുന്നവർ ഒപ്പ് വച്ച ദർഘാസ് വ്യവസ്ഥകൾ കൂടാതെ തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികൾ, നിരതദ്രവ്യമായുള്ള D.D. എന്നിവ സഹിതം പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടെണ്ടറിന്റെ പേര് (വെട്ട് കല്ല് ഖനനം) ടെണ്ടറിൽ പങ്കെടുക്കുന്ന എസ്റ്റേറ്റിന്റെ പേര് എന്നിവ കവറിന് മുകളിൽ വ്യക്തമായി രേഖപ്പെടുത്തി ദി മാനേജർ, കാസറഗോഡ് എസ്റ്റേറ്റ്, മുളിയാർ പി.ഒ, ചെങ്കള വഴി, കാസറഗോഡ് – 671542 എന്ന വിലാസത്തിൽ കാസറഗോഡ് എസ്റ്റേറ്റ് ഓഫീസിൽ **13/01/2025-ന്** 02.30 പി.എം -ന് മുൻപായി നല്കിയിരിക്കേണ്ടതാണ്.

8. ഇ-ദർഘാസും, മുദ്ര വച്ച ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 13/01/2025-ന് 02.30 p. m. വരെയാണ്. തുടർന്ന് അന്നേദിവസം 03.00 p.m. - ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച മുദ്ര വച്ച ദർഘാസ്സുകൾ കാസറഗോഡ് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതും. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് 14/01/2025 - ന് 03.00 p. m. - ന് തുറക്കുന്നതുമാണ്.

9. ഇ-ദർഘാസ്/മുദ്ര വച്ച ദർഘാസ് സ്വീകരിക്കുന്നതായ അവസാന തീയതിയിൽ അന്തിമ തീരുമാനമെടുക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡിറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും അപ്പോൾ ഹാജരായവരുടെ സാനിന്ധ്യത്തിൽ മുദ്രവെച്ച കവറിൽ ഭദ്രമായി സൂക്ഷിക്കുന്നതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ തുക വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ ഉയർന്ന തുക ആയിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

10. സ്ഥിരീകരിക്കുന്നതായ തുക ആയതു വാഗ്ദാനം ചെയ്തിട്ടുള്ളതായ വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും അറിയിപ്പ് ലഭിക്കുന്ന വ്യക്തി അറിയിപ്പ് തീയതി മുതൽ 15 ദിവസങ്ങൾക്കകം ഓരോ പ്ലോട്ടിനും പ്രത്യേകം പ്രത്യേകം സെക്യൂരിറ്റി തുകകൾ അടച്ച് 200/- രൂപ വിലയുള്ള കേരള സർക്കാർ മുദ്രപ്പത്രത്തിൽ അതാത് എസ്റ്റേറ്റ് മാനേജർമാരുമായി പ്രത്യേകം പ്രത്യേകം കരാറുകളിൽ ഏർപ്പെടേണ്ടതാണ്. സെക്യൂരിറ്റി തുക ഓരോ പ്രവൃത്തിയുടെയും കരാർ തുകയുടെ 10 ശതമാനം ആയിരിക്കുന്നതാണ്. 24 സെന്റുള്ള ഒരു പ്ലോട്ടിൽ നിന്നും വെട്ട് കല്ല് ഖനനം ചെയ്യുന്നതിന് കോർപ്പറേഷന് നല്കാൻ സമ്മതിക്കുന്ന തുകയുടെ 50ശതമാനം മുൻകൂറായി ഒടുക്കിയതിനു ശേഷം മാത്രമേ ജോലികൾ ആരംഭിക്കുവാൻ അനുവദിക്കുകയുള്ളൂ. കോർപ്പറേഷന് നല്കാൻ സമ്മതിക്കുന്ന തുകയുടെ 50 ശതമാനം അംഗീകാര തിയതി മുതൽ 15 ദിവസങ്ങൾക്കകം കാസറഗോഡ് / ചീമേനി എസ്റ്റേറ്റുകളുടെ ബാങ്ക് അക്കൌണ്ടിൽ അടക്കേണ്ടതും ബാക്കി 50 ശതമാനം രണ്ട് ഗഡുക്കളായി അടക്കേണ്ടതാകുന്നു. ഗഡുക്കൾ കരാറിൽ വ്യക്തമാക്കുന്നതാണ്. 15 ദിവസങ്ങൾക്കകം 50 ശതമാനം തുക അടച്ച് കരാർ ഒപ്പ് വച്ചതിന് ശേഷം കരാർ ജോലിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് (സൈറ്റ് ക്ലിയറിംഗ്, സർക്കാർ അനുമതികൾക്കായുള്ള നടപടികൾ) അനുവദിക്കുന്നതാണ്. ബാക്കി തുക അടച്ചതിന് ശേഷം വർക്ക് ഓർഡർ ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ നൽകുന്നതുമാണ്. വർക്ക് ഓർഡർ ലഭിച്ചതിന് ശേഷം മാത്രം ഖനനം നടത്തുന്നതിനും കല്ല് പുറത്ത് കൊണ്ട് പോകുന്നതിനും കഴിയുന്നതാണ്.

11. ഖനനത്തിനായി ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയാലും, ടി ദർഘാസുകൾ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

12. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ നല്കുന്ന ഭാഗീകമായതോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

13. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

14. ടെൻഡർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം ഉച്ചയ്ക്ക് ശേഷം 02.30 - ന് നടത്തുന്നതാണ്.

15. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ദർഘാസ് വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും തുടർനടപടികൾ നിർത്തിവയ്ക്കുന്നതിനും മാറ്റി വയ്ക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും, ആയത് ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്താൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരവും നല്കുന്നതല്ല.

16. കരാർ കാലാവധി ഒരു വർഷമോ കരാർപ്രകാരം അനുവദിച്ചിട്ടുള്ള സ്ഥലത്ത് കല്ലിന്റെ ലഭ്യത തീരുന്നതോ, ഏതാണാദ്യം എന്ന തരത്തിൽ കണക്കാക്കി കരാർ പ്രവർത്തികൾക്കുള്ള അനുമതി അവസാനിക്കുന്നതാണ്.

17. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതും എന്തെങ്കിലും തരത്തിലുള്ള വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കുന്നതുമാണ്.

18. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, കരാറിൽ നിന്നും പിന്മാറുകയോ, യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക ഉൾപ്പെടെ അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗ്ഗേന, ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കുന്നതും, അതുമൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ടവും, മറ്റു ചിലവുകളും കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

19. കല്ല് വെട്ട് നടത്തുന്നതിന് നിയമാനുസൃതമായി ആവശ്യമായ എല്ലാ സാക്ഷ്യ പത്രങ്ങളും, പാസ്സുകളും മറ്റും കരാറുകാരൻ സ്വന്തം ചിലവിൽ വാങ്ങേണ്ടതാണ്. കല്ല് വെട്ട് നടത്തുമ്പോൾ ഉണ്ടാകാവുന്ന പരിസര മലിനീകരണം, പൊതുജന സുരക്ഷ എന്നീ കാര്യങ്ങളിൽ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മുൻകരുതൽ എടുക്കേണ്ടതാണ്.

20. കല്ല് വെട്ടിയെടുക്കുന്ന ക്വാറിയിൽ, ആൾക്കാരോ, മൃഗങ്ങളോ വീണ് അപകടമുണ്ടാവുന്നത് ഒഴിവാക്കുന്നതിനായി ക്വാറിക്ക് ചുറ്റും താത്കാലിക വേലി കരാറുകാരൻ സ്വന്തം ചെലവിൽ നിർമ്മിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തി അത്യാഹിതങ്ങൾ ഉണ്ടാകുന്ന പക്ഷം, ആയതിനു കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

21. ഉപരി തലത്തിൽ നിന്ന് 19.68 അടി (6 മീറ്റർ) ആഴം വരെ മാത്രമേ കല്ലുകൾ വെട്ടിയെടുക്കാൻ അനുവാദമുണ്ടായിരിക്കു. 19.68 അടി ആഴത്തിൽ കൂടുതൽ കല്ലുകൾ

വെട്ടിയെടുക്കുകയാണെങ്കിൽ കരാർ റദ്ദ് ചെയ്യുന്നതും, കൂടുതലായി വെട്ടിയെടുത്ത കല്ലിന്റെ നിശ്ചിത വിലയുടെ ഇരട്ടി തുക പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

22. കല്ലുവെട്ടിയെടുത്ത ഭാഗങ്ങളിൽ കരാർ കാലയളവിനുള്ളിൽ തന്നെ, അവശിഷ്ടങ്ങളായി നീക്കം ചെയ്തിട്ടുള്ള പൊടി, മണ്ണ്, മറ്റ് അവശിഷ്ടങ്ങൾ കോർപ്പറേഷൻ അധികാരികൾ നിർദ്ദേശിക്കുന്നവിധത്തിൽ കുഴിയിൽ തന്നെ നിരത്തേണ്ടതുമാണ്.

23. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാഹനത്തിന്റെ നമ്പർ, മടയുടെ നമ്പർ, കരാറുകാരന്റെ പേര്, വാഹനത്തിൽ ലോഡ് ചെയ്തു കൊണ്ടുപോകുന്ന വെട്ടുകല്ലുകളുടെ എണ്ണം, സമയം എന്നിവ രേഖപ്പെടുത്തിയ പാസ് വാങ്ങിയതിനുശേഷമേ ലോഡ് പുറത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ. ഖനനം നടത്തുമ്പോൾ കിട്ടുന്ന വെട്ട് കല്ല് മാത്രം കൊണ്ടുപോകാൻ അനുവദിക്കുന്നതും അതിന്റെ ഭാഗമായി കിട്ടുന്ന അവശിഷ്ടങ്ങളോ, മണ്ണോ കൊണ്ടുപോകാൻ അനുവദിക്കുന്നതുമല്ല. കൂടാതെ എസ്റ്റേറ്റ് ഓഫീസിന് അവധിയുള്ള ദിവസങ്ങളിൽ ഖനനം നടത്തിയെടുക്കുന്ന കല്ല് പുറത്തേക്ക് കൊണ്ടുപോകാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

24. കല്ല് വെട്ടി എടുക്കുന്നതിനുള്ള സ്ഥലം അനുവദിക്കുക എന്നത് ഒഴികെ ഈ കരാറിൽ കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

25. കോർപ്പറേഷന്റെ വസ്തുവകകൾക്ക് കരാറുകാരിൽ നിന്നോ, ടിയാന്റെ പണിക്കാർ, ഏജൻറ്മാർ, കല്ല് കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങൾ തുടങ്ങിയവയിൽ നിന്നോ, എന്തെങ്കിലും നാശനഷ്ടമുണ്ടായാൽ, ആയതിന് കോർപ്പറേഷൻ നിശ്ചയിക്കുന്ന തുക പിഴയായി കരാറുകാരൻ ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ആയത് ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

26. കല്ല് വെട്ടി എടുക്കുന്നതിന് ആവശ്യമായ ജിയോളജിക്കൽ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യമായ എല്ലാവിധ ലൈസൻസ്/രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ക്രമീകരിക്കേണ്ടതാകുന്നു. അപ്രകാരമുള്ള ലൈസൻസുകളുടെ ഒറിജിനൽ എസ്റ്റേറ്റ് മാനേജരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതും, ടി ലൈസൻസുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി എസ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാകുന്നു.

27. ഏതുസമയവും കരാറുകാരന്റെ മട (പണ), കല്ലുകളുടെ എണ്ണം, വാഹനത്തിൽ ലോഡ് ചെയ്തിരിക്കുന്ന കല്ലുകളുടെ എണ്ണം മുതലായവ പരിശോധിക്കുന്നതിന് കോർപ്പറേഷൻ അധികാരികൾക്കും അതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കും അധികാരം ഉണ്ടായിരിക്കുന്നതാണ്. കല്ല് കയറ്റിക്കൊണ്ടുള്ള വാഹനം കടന്ന് പോകുന്നതിനുള്ള വഴികൾ കരാറുകാരൻ സ്വന്തം ചിലവിലും കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത വിധത്തിലും നിർമ്മിക്കേണ്ടതാകുന്നു.

28. കരാറുകാരൻ നിയമപരമായ എല്ലാ നികുതികളും അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും

വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, കരാറുകാരന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

29. ലൈസൻസ് ഫീസ് അടക്കം കരാറുകാരന് ചിലവാകുന്ന തുകകൾ കരാറുകാരൻ തന്നെ അടക്കേണ്ടതാണ്. ആയതിനു കോർപ്പറേഷന് യാതൊരുവിധ ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

30. കരാറുകാരൻ കോർപ്പറേഷൻ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള യാതൊരുവിധ നിർമാണപ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ആവശ്യത്തിന് താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകി എസ്റ്റേറ്റ് മാനേജരുടെ അനുവാദത്തോടെ സ്വന്തം ചെലവിൽ നിർമ്മിക്കാവുന്നതും, സ്വന്തം ചെലവിൽ മാനേജരുടെ അനുമതിയോടെ പൊളിച്ച് കൊണ്ടു പോകാവുന്നതുമാണ്.

31. കരാർ വ്യവസ്ഥകൾ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ ലംഘിക്കുന്നതായി ബോധ്യപ്പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യാനുള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

32. കരാർ തൃപ്തികരമായി പൂർത്തിയാക്കി 2 മാസങ്ങൾക്ക് ശേഷം കരാറുകാരൻ അടച്ചിട്ടുള്ള കരുതൽ ധനം (സെക്യൂരിറ്റി ഡെപ്പോസിറ്റ്) ബാദ്ധ്യതകൾ ഉണ്ടെങ്കിൽ ആയത് കുറവ് ചെയ്ത ശേഷം പലിശ രഹിതമായി മടക്കി നൽകുന്നതാണ്.

33. കരാറുകാരൻ പരിസരമലിനീകരണത്തിന് കാരണമാകുന്ന തരത്തിലോ, പരിസരത്തിനോ, പരിസരവാസികൾക്കോ, ജീവജാലങ്ങൾക്കോ അപകടം വരുത്തുന്ന തരത്തിലോ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ല. മടയുടെ പണിമൂലവും കല്ലുവെട്ടിയെടുക്കുന്നതുമൂലവും മണ്ണൊലിപ്പ് മുതലായവ ഉണ്ടാകാതിരിക്കുന്നതിനുമുള്ള കരുതൽ നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

34. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റുമാരിൽനിന്നോ, തൊഴിലാളികളിൽ നിന്നോ, ടിയാൻ ഏർപ്പാടാക്കുന്ന വാഹനങ്ങളിൽ നിന്നോ, ഉപകരണങ്ങളിൽ നിന്നോ എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് യാതൊരു തസ്സവും നേരിടുവാൻ പാടുള്ളതല്ല.

35. കരാറുകാരൻ സ്വന്തം ചിലവിൽ ജോലിക്കാരെ ഏർപ്പാടാക്കേണ്ടതും, പണിയായുധങ്ങൾ, യന്ത്രങ്ങൾ മുതലായവ കൊണ്ടുവരേണ്ടതുമാണ്. ആയതിൽ കോർപ്പറേഷന് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

36. കരാർ കാലയളവിൽ, എസ്റ്റേറ്റിനുള്ളിലോ സമീപപ്രദേശങ്ങളിലോ കരാറുകാരനോ, കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികളോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിന് സഹായിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ, ആയതിന്റെ പരിപൂർണ ഉത്തരവാദിത്വം കാരാറുകാരനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്. കൂടാതെ കരാർ റദ്ദ് ചെയ്യുന്നതും, കരാറുകാരൻ അടച്ച മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതുമായിരിക്കും.

37. അതിർത്തി നിർണയിച്ച് സ്ഥാപിച്ചിരിക്കുന്ന ജണ്ടകൾ, വേലിക്കല്ലുകൾ എന്നിവക്ക് നാശം വരുത്തുകയോ, സ്ഥാനമാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

38. മറ്റു സർക്കാർ സ്ഥാപനങ്ങളായ KSEB, BSNL, ജല അതോറിറ്റി എന്നിവയുടെ വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാക്കാൻ പാടുള്ളതല്ല. നാശനഷ്ട്ടങ്ങൾ ഉണ്ടാവുന്ന പക്ഷം കോർപ്പറേഷനോ, നഷ്ട്ടം നേരിട്ട സർക്കാർ സ്ഥാപനങ്ങളോ നിശ്ചയിക്കുന്ന തുക പിഴയായി കരാറുകാരൻ അടക്കേണ്ടതാണ്. സർക്കാർ വകുപ്പുകളുമായി ഏതെങ്കിലും വിധത്തിലുള്ള വ്യവഹാരത്തിൽ ഏർപ്പെടുന്ന പക്ഷം ആയതിൽ കോർപ്പറേഷൻ യാതൊരുവിധത്തിലും കക്ഷി ആയിരിക്കുന്നതല്ല.

39. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പറുകളിൽ ലഭിക്കുന്നതാണ്:

ദി ജനറൽ മാനേജർ (സി) - 9496076003
ദി ജനറൽ മാനേജർ (ഓപ്പറേഷൻസ്) - 9496076004
ദി മാനേജർ; കാസർഗോഡ് എസ്റ്റേറ്റ് – 04994-250223, 9496076070
ദി മാനേജർ; ചീമേനി എസ്റ്റേറ്റ് – 0467-2999579, 9496076063

40. വെട്ട് കല്ല് വെട്ടിയെടുക്കേണ്ടതായ സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പ് ഇതോടൊപ്പം ചേർക്കുന്നു (അനുബന്ധം 1)

Sd/-

**മാനേജിംഗ് ഡയറക്ടർ**

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

**രജി.ഓഫീസ് - കോട്ടയം - 686004**

**ടെണ്ടർ ഫോം**

**കാസറഗോഡ് എസ്റ്റേറ്റിലെ 24 സെന്റ് വീതമുള്ള 4 പ്ലോട്ടുകളിൽ ഓരോ പ്ലോട്ടിൽ നിന്നും 19.68 അടി താഴ്ചയിൽ കല്ല് വെട്ടിയെടുക്കുന്നതിനുള്ള ടെണ്ടർ**

എസ്റ്റേറ്റിന്റെ പേര്: കാസറഗോഡ്

| ക്രമ നമ്പർ | ആകെ ആവശ്യമായ പ്ലോട്ടുകളുടെ എണ്ണം | ഇനം | വാഗ്ദാനം ചെയ്യുന്ന തുക |
|---|---|---|---|
| 1 | | 24 സെന്റുള്ള ഒരു പ്ലോട്ടിൽ നിന്നും 19.68 അടി താഴ്ചയിൽ കല്ല് വെട്ടിയെടുക്കുന്നതിന് കോർപ്പറേഷന് നല്കാവുന്ന ഏറ്റവും ഉയർന്ന തുക | അക്കത്തിൽ -<br><br>അക്ഷരത്തിൽ - |

<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയവ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

| | | |
|---|---|---|
| a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര്, വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി:

District: Kasaragod
Taluk : Kasaragod

Field No 118

*Location map*

**Village No: 48**
**Adhur**

58/24




**INDEX**

*Rs No 118/PT 34.5965 H Land possessed by plantation corporation of kerala LTD.AS Per DOC NO:B1.5923/78 Adhur.To produce Before the mining and geology Department kasaragod.*

VILLAGE OFFICE ADHUR GROUP

15/02/2024

VILLAGE OFFICER
ADHUR GROUP
MULLERIA-671 543